# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 16 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com

### പതിനെട്ടു പടികളെയും സാക്ഷിയാക്കി ആലങ്ങാട് യോഗത്തിന്റെ ശീവേലി

കർപ്പൂര ദീപപ്രഭയാല് ജ്വലിച്ചുനിന്ന പതിനെട്ടുപടികളെയും സാക്ഷിയാക്കി, അയ്യപ്പസ്വാമിയുടെ പിതൃസ്ഥാനീയരായി കരുതപ്പെടുന്ന ആലങ്ങാട് യോഗം നടത്തിയ ശീവേലി സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കി. ഉടുക്കുകൊട്ടി അയ്യപ്പനെ ഭജിച്ച് അവര് ഭക്തിയുടെ നെറുകയില് ചുവടുകള് വെച്ചു. മാളികപ്പുറത്തെ മണിമണ്ഡപത്തില് നിന്നും പൂജിച്ച് വാങ്ങിയ ഗോളകയും തിരുവാഭരണത്തോടൊപ്പം പന്തളം കൊട്ടാരത്തില് നിന്നും കൊണ്ടുവന്ന തിടമ്പും ചാർത്തിയാണ് ശീവേലി നടത്തിയത്.

മണിമണ്ഡപത്തില് നിന്ന് അജിത്ത് കുമാര്, ജയകുമാര് എന്നിവരുടെ മുഖ്യകാർമികത്വത്തിലായിരുന്നു മാളികപ്പുറത്തെ ചടങ്ങുകള്. ശുഭ്രവസ്ത്രം ധരിച്ച്, വാലിട്ട് കണ്ണെഴുതി, കർപ്പൂര താലമേന്തിയാണ് അംഗങ്ങള് ശീവേലിയില് അണിനിരന്നത്. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ പതിനെട്ടാംപടിക്കല് എത്തിയശേഷം, പടികള് കഴുകി അവയില് കർപ്പൂരപൂജയും ആരാധനയും നടത്തി. ശീവേലി ചടങ്ങുകള് പതിനെട്ടാം പടിക്ക് മുകളില് നിന്ന് തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി വി.കെ. ജയരാജ് പോറ്റി എന്നിവര് വീക്ഷിച്ചു. തുടർന്ന് പതിനെട്ട് പടി കയറി സോപാനത്തിലെത്തി അയ്യപ്പദർശനത്തിനുശേഷം

മാളികപ്പുറത്തേയ്ക്ക് മടങ്ങി. കോവിഡ് മാനദണ്ഡങ്ങള് പാലിച്ചാണ് ചടങ്ങുകള് പൂര്‍ത്തിയാക്കിയത്.

ജനുവരി ഒന്‍പതിന് യാത്ര പുറപ്പെട്ട യോഗക്കാര്, ഒട്ടേറെ ക്ഷേത്രങ്ങളില് ദര്‍ശനം നടത്തിയ ശേഷമാണ് ശബരിമലയില് എത്തിയത്. 10ന് എരുമേലിയില് എത്തി പേട്ടതുള്ളി. ശേഷം ഗോളക അയ്യപ്പസ്വാമിക്ക് ചാര്‍ത്തി ദീപാരാധന തൊഴുതു. തുടര്‍ന്ന് പമ്പയിലെത്തി വിളക്കും നടത്തി. 13ന് സന്നിധാനത്ത് എത്തിച്ചേര്‍ന്നു. 14ന് മകര വിളക്ക് ദര്‍ശനം നടത്തി. തുടര്‍ന്ന് മണിമണ്ഡപത്തില് യോഗം വക നിവേദ്യം അര്‍പ്പിച്ചശേഷമാണ് ശീവേലി എഴുന്നള്ളത്തില് പങ്കെടുത്തത്.

രാജേഷ് പുറയാറ്റില് കളരിയായിരുന്നു ഇത്തവണത്തെ സമൂഹപെരിയോന്. അജയന് ആഴകം, അയ്യപ്പന് വെളിച്ചപ്പാട് എന്നിവരുടെ നേതൃത്വത്തിലാണ് 50 അംഗ സംഘം എത്തിയത്. തന്ത്രിയുടേയും മേല്‍ശാന്തിയുടേയും അനുഗ്രഹം വാങ്ങി 17 നേ സംഘം നാട്ടിലേക്ക് മടങ്ങുകയുള്ളൂ.

(പി.ആര്. ശബരി - (207)

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 16 | 2021 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.com


### അമ്പലപ്പുഴ ദേശക്കാരുടെ ശീവേലിയില് സന്നിധാനം ഭക്തിസാന്ദ്രമായി

ഐതിഹ്യ വിശുദ്ധിയുടെ നിറവില് സന്നിധാനത്ത് അമ്പലപ്പുഴ ദേശക്കാരുടെ ഭക്തിസാന്ദ്രമായ ശീവേലി എഴുന്നള്ളത്ത് നടന്നു. മാളികപ്പുറത്തുനിന്നും ആരംഭിച്ച എഴുന്നള്ളത്ത്, പതിനെട്ടാം പടിക്കലെത്തി, പടി പതിനെട്ടും കഴുകി, കർപ്പൂര ആരാധന നടത്തിയിറങ്ങി, ദർശനം നടത്തിയശേഷം മാളികപ്പുറത്തേയ്ക്ക് മടങ്ങി.

തിരുവാഭരണത്തോടൊപ്പം പന്തളം കൊട്ടാരത്തില് നിന്നും കൊണ്ടുവന്ന കൊടിക്കൂറകളുടേയും വാദ്യമേളങ്ങളുടേയും അകമ്പടിയോടെ, മാളികപ്പുറം മേൽശാന്തി രജില് നീല കണ്ഠന് നമ്പൂതിരി മണിമണ്ഡപത്തില് പൂജിച്ച തിടമ്പ്, ജീവകയില് പ്രതിഷ്ഠിച്ചാണ് എഴുള്ളത്ത് ആരംഭിച്ചത്. സമൂഹപ്പെരിയോന് എന്. ഗോപാലകൃഷ്ണ പിള്ളയാണ് തിടമ്പ് ഏറ്റുവാങ്ങിയത്. സംഘാംഗങ്ങള് കർപ്പൂര താലമേന്തി ശീവേലിയില് അണിനിരന്നു. രണ്ടു മാളികപ്പുറങ്ങളും 50 അയ്യപ്പൻമാരുമായി ജനുവരി എട്ടിന് അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്നുമാണ് സംഘം പുറപ്പെട്ടത്. വിവിധ ക്ഷേത്രങ്ങളില് ദർശനം നടത്തിയാണ് സന്നിധാനത്തെത്തിയത്. മണിമലക്കടവ് ദേവീക്ഷേത്രത്തില് ആഴിപൂജ നടത്തി, എരുമേലിയില് പേട്ടതുള്ളി, ശേഷം 13ന് രാത്രിയാണ് സംഘം സന്നിധാനത്ത് എത്തിയത്.

മകരവിളക്ക് ദിവസം രാവിലെ, ശബരിമല മേൽശാന്തി വി.കെ.ജയരാജ് പോറ്റി, അമ്പലപ്പുഴക്കാരുടെ നെയ്യഭിഷേകവും അത്താഴപൂജയ്ക്ക് മഹാനിവേദ്യവും നടത്തി. കാര എള്ള്, ശർക്കര, നെയ്യ്, തേന്, കൽക്കണ്ടം, മുന്തിരി എന്നിവ ചേർത്ത് തയാറാക്കിയ എള്ള് പായസമാണ് മഹാനിവേദ്യത്തിന് നിവേദിച്ചത്. സമൂഹപ്പെരിയോന് എന്.ഗോപാലകൃഷ്ണ പിള്ള ചടങ്ങുകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു. സംഘം പ്രസിഡന്റ് ആര്.ഗോപകുമാര്, വൈസ് പ്രസിഡന്റ് ജി.ശ്രീകുമാര്, ജോ.സെക്രട്ടറി വിജയ് മോഹന്, ഖജാൻജി ചന്ദ്രകുമാര് എന്നിവരുടെ നേതൃത്വത്തിലായിരുന്നു അമ്പലപ്പുഴ അയ്യപ്പ ഭക്തസംഘമെത്തിയത്. 15ന് വൈകിട്ടോടെ ഇവര് മടങ്ങി.

**(പി.ആര്. ശബരി - (208)**

